**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - മണ്ണാർക്കാട് നിയോജക മണ്ഡലം - തെങ്കര ആയുർവേദ ആശുപത്രിയിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിന് 1,00,000/- രൂപ അനുവദിച്ച് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം.6816/2017/ധന തീയതി, തിരുവനന്തപുരം 30.08.2017

പരാമർശം : 1. 27.05.2004-ലെ സ.ഉ.(പി) നം. 247/2004/ധന.
2. 12.07.2017 ന് അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ ബഹു. ധനകാര്യ വകുപ്പ മന്ത്രിയ്ക്ക് സമർപ്പിച്ച കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തെങ്കര ആയുർവേദ ആശുപത്രിയിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിന് 1,00,000/- രൂപ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് അഡ്വ. എൻ.ഷംസുദ്ദീൻ എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തെങ്കര ആയുർവേദ ആശുപത്രിയിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുന്നതിന് **1,00,000/- രൂപ (ഒരു ലക്ഷം രൂപ)** അഡ്വ.എൻ.ഷംസുദ്ദീൻ എം.എൽ.എ.യുടെ 2017-18 ലെ പ്രത്യേക വികസന നിധിയിൽ നിന്നും വിനിയോഗിക്കുവാൻ സൂചന (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിന്ദുറാണി.സി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, )കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ, കുന്തിപ്പുഴ, മണ്ണാർക്കാട്. പി.ഒ, പാലക്കാട്
5. ജില്ലാ കളക്ടർ, പാലക്കാട്
6. ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**